കൂടാതെ, കരാറുകാരന്റെ ബാധ്യതകളും അവകാശങ്ങളും സൂചിപ്പിച്ചിരിക്കുന്ന ഖണ്ഡികകളിലെ കുറിപ്പ് (ജെ) പ്രകാരം കരാർ പണികളുടെ പ്രവർത്തനരാഹിത്യംമൂലമോ കരാറുകാരനോ അയാളുടെ ജീവനക്കാരോ ശരിയായ രീതിയിൽ അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലമോ ഏതെങ്കിലും ആൾക്ക് ഉണ്ടായേക്കാവുന്ന മരണം/മുറിവുകൾ/ വസ്തുവകകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ മുതലായ ഏത് അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകാൻ കരാറുകാരൻ ബാധ്യസ്ഥനാണ്. തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തുമ്പോൾ ഉണ്ടായേക്കാവുന്ന അപകടങ്ങൾക്ക് നഷ്ടപരിഹാര തുക നൽകുന്നത് സംബന്ധിച്ച് പ്രത്യേകം കരാറിൽ ഏർപ്പെടേണ്ടതാണ്. തന്റെ ജോലിക്കാർക്ക് എല്ലാ അപകടങ്ങളിൽനിന്നുമുള്ള സുരക്ഷ ഉറപ്പാക്കുവാൻ കരാറുകാരൻ ബാധ്യസ്ഥനാണ്.

വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ

8 (7844) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷം ലഭിക്കാത്തതുമൂലമുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(ബി) നിലവിലെ പ്രതിദിന ഉപഭോഗ കണക്കനുസരിച്ച് എത്ര ദിവസത്തെ വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ജലമാണ് സംഭരണികളിലുള്ളത് എന്നറിയിക്കുമോ ;

(സി) മറ്റുമാർഗ്ഗങ്ങളിലൂടെ എത്ര യൂണിറ്റ് വൈദ്യുതികൂടി ലഭ്യമാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) കേരളത്തിന്റെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാൻ കേന്ദ്ര വിഹിതം വർദ്ധിപ്പിച്ചു നൽകിയിട്ടുണ്ടോ ; ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് നേരത്തേ ലഭിച്ചുകൊണ്ടിരുന്നത് ; ഇപ്പോൾ എത്രയാണ് ലഭിക്കുന്നത് ; 2014 ജനുവരി മുതൽ ഓരോ മാസത്തിലും ശരാശരി എത്ര യൂണിറ്റ് വൈദ്യുതിയാണ് ലഭിച്ചത് ;

(ഇ) കേന്ദ്ര സഹായമായി ലഭിക്കുന്ന വൈദ്യുതി കേരളത്തിൽ കൊണ്ടുവരാൻ കഴിയാത്ത സാഹചര്യമുണ്ടോ ; ഉണ്ടെങ്കിൽ ആയത് എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(എഫ്) പുറമേ നിന്ന് എത്ര യൂണിറ്റ് വൈദ്യുതി കൊണ്ടുവരാനുള്ള ലൈനാണ് നിലവിലുള്ളത് എന്നറിയിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വൈദ്യുതി ബോർഡ് 1500 മെഗാവാട്ടോളം വൈദ്യുതി ഈസ്റ്റേൺ റീജിയൺ, വെസ്റ്റേൺ റീജിയൺ തുടങ്ങിയ മേഖലകളിൽനിന്നും വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും പ്രസ്തുത മേഖലകളിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള പ്രസരണ ഇടനാഴിയുടെ അപര്യാപ്തത നിലനിൽക്കുന്നതിനാൽ ടി വൈദ്യുതി കൊണ്ടുവരുന്നതിന് സാധിക്കുന്നില്ല. ബോർഡ് 300 മെഗാവാട്ടോളം വൈദ്യുതി ദക്ഷിണേന്ത്യൻ വ്യാപാരികളിൽനിന്ന് വാങ്ങുന്നതിന് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. എന്നാൽ, ദക്ഷിണഗ്രിഡിൽ S1, S2 നിലനിൽക്കുന്ന പ്രസരണ ഇടനാഴിയുടെ അപര്യാപ്തത കാരണം ടി വൈദ്യുതി കൊണ്ടുവരുന്നതിന് പലപ്പോഴും ഹ്രസ്വകാലാടിസ്ഥാനത്തിൽ ഓപ്പൺ ആക്സസ് ലഭിക്കുന്നില്ല. 100 മെഗാവാട്ട് വൈദ്യുതി എൻ.റ്റി.പി.സി.-യുടെ ജജ്ജാർ നിലയത്തിൽനിന്നും ജൂലൈ മാസത്തിലേക്ക് ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ, കായംകുളത്തുനിന്നും ബോർഡിന്റെ കെ.ഡി.പി.പി. നിലയത്തിൽനിന്നും കൂടുതൽ വിലയ്ക്ക് വൈദ്യുതി വാങ്ങിയുമാണ് നിലവിലുള്ള വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നത്. ഇതുകൂടാതെ, കൂടുതൽ വൈദ്യുതി സംസ്ഥാനത്തിന്റെ പുറത്തുനിന്നും കൊണ്ടുവരുന്നതിനുവേണ്ടി പ്രസരണ ഇടനാഴി ലഭ്യമാക്കുന്നതിനായി വിവിധ നടപടികൾ ബോർഡ് എടുത്തുവരുന്നു.

1. വൈദ്യുതി ബോർഡ്, മീഡിയം ടേം ഓപ്പൺ ആക്സസ്, ഷോർട്ട് ടേം ഓപ്പൺ ആക്സസ് ഇവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ ചട്ടങ്ങൾ പ്രകാരം നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് രണ്ട് പരാതികൾ കേന്ദ്ര ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന് നൽകിയിട്ടുണ്ട്.
2. കൂടുതൽ വൈദ്യുതി തമിഴ്നാട്, കേരളം ഉൾപ്പെടെ S2 മേഖലയിൽനിന്നും വാങ്ങുന്നതിന് നടപടികളെടുത്തുവരുന്നു.
3. കൂടുതൽ വൈദ്യുതി കേന്ദ്രപൂളിൽനിന്നും ലഭ്യമാക്കുന്നതിന് ഗവൺമെന്റ് തലത്തിൽ നടപടികളെടുത്തിട്ടുണ്ട്.

(ബി) 9-7-2014-ലെ കണക്കനുസരിച്ച് 653.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള വെള്ളമാണ് ജലസംഭരണികളിലുള്ളത്. നിലവിൽ ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള ഉത്പാദനം പ്രതിദിനം ശരാശരി 21 ദശലക്ഷം യൂണിറ്റായി ക്രമീകരിച്ചാൽ, ഏകദേശം 31 ദിവസത്തേക്കുള്ള വെള്ളമാണ് സംഭരണികളിലുള്ളത്.

(സി) കേന്ദ്രപൂളിൽനിന്നും പ്രതിദിനം ശരാശരി 27 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതുകൂടാതെ എൻ.റ്റി.പി.സി.-യുടെ ജജ്ജാർ നിലയത്തിൽനിന്ന് 100 മെഗാവാട്ട് കൂടുതൽ വൈദ്യുതി ജൂലൈ മാസത്തിലേക്ക് ലഭ്യമാകുന്നതാണ്. ഇപ്പോൾ കായംകുളം നിലയത്തിൽനിന്നും 3.6 ദശലക്ഷത്തോളം വൈദ്യുതിയും ഡീവിയേഷൻ സെറ്റിൽമെന്റ് മെക്കാനിസം അനുസരിച്ച് 2.2 ദശലക്ഷത്തോളം വൈദ്യുതിയും കൂടാതെ സംസ്ഥാനത്തിനകത്തുള്ള സ്വകാര്യ കാറ്റാടി നിലയങ്ങൾ, ചെറുകിട വൈദ്യുതി നിലയങ്ങൾ എന്നിവയിൽനിന്നും പ്രതിദിനം 0.8 ദശലക്ഷത്തോളം വൈദ്യുതിയും ലഭിക്കുന്നുണ്ട്.

(ഡി) ഉണ്ട്. ജജ്ജാർ നിലയത്തിൽനിന്നും 100 മെഗാവാട്ട് വൈദ്യുതി ജൂലൈ മാസത്തിലേക്ക് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി പരിഹരിക്കാനായി ലഭിക്കുന്നുണ്ട്. 2014 ജൂൺ മാസത്തിൽ ശരാശരി 24.2 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് കേന്ദ്രപൂളിൽനിന്നും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പെരിഫെറിയിൽ ലഭിച്ചിട്ടുള്ളത്. 2014 ജൂലൈ 1 മുതൽ നാളിതുവരെ (8-7-2014) ശരാശരി പ്രതിദിനം 26.95 ദശലക്ഷം യൂണിറ്റായി വർദ്ധിച്ചിട്ടുണ്ട്. അതായത്, പ്രതിദിനം 2.75 ദശലക്ഷത്തോളം വർദ്ധിച്ചിട്ടുണ്ട്. 2014 ജനുവരി മുതൽ ബോർഡിന് കേന്ദ്രപൂളിൽനിന്നും പ്രതിദിനം ലഭിച്ച വൈദ്യുതി താഴെപ്പറയും പ്രകാരമാണ്.

മാസം	ശരാശരി പ്രതിദിന വൈദ്യുതി ലഭ്യത (ദശലക്ഷം യൂണിറ്റിൽ)
ജനുവരി-2014	29.00
ഫെബ്രുവരി-2014	27.60
മാർച്ച്-2014	29.50
ഏപ്രിൽ-2014	27.36
മെയ്-2014	26.10
ജൂൺ-2014	24.20

(ഇ) ഇല്ല.

(എഫ്) കേരളവും തമിഴ്നാടും ചേർന്നുള്ള S2 റീജിയണിലേക്ക് ആന്ധ്രയും കർണ്ണാടകവും ചേർന്നുള്ള S2 റീജിയണിൽനിന്നുള്ള പ്രസരണ ലൈനുകളുടെ ശേഷിക്കുറവുമൂലവും കോറിഡോർ ലഭ്യതയിലുള്ള കുറവുകാരണവും കേരളത്തിന് ഇപ്പോൾ ഏകദേശം 31 ദശലക്ഷം യൂണിറ്റ് വൈദ്യുതിയാണ് പ്രതിദിനം ശരാശരിയായി പുറമെ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നത്.

1281/2018

LIBRARY ARCHIVES Kerala Legislative Assembly